തുകയുടെ 75% ലോകബാങ്ക് വിഹിതവും ബാക്കി 25% തുകയും കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കണ്ടെത്തണമെന്നുള്ളതാണ് വ്യവസ്ഥ. ഒരു അംഗൻവാടി കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക 1,25,000 രൂപയാണ് ഇതിന്റെ 75% തുകയായ 93,750 രൂപ ലോകബാങ്ക് വിഹിതവും 25% തുകയായ 31,250 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുന്നത്. അംഗൻവാടി കെട്ടിടത്തിന് ഏറ്റവും കുറഞ്ഞത് 2 മുതൽ 5 സെന്റുവരെ സ്ഥലവും കെട്ടിടത്തിന് 36.296 എം² വിസ്തീർണ്ണവും ഉണ്ടായിരിക്കേണ്ടതാണ്. ആവശ്യമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായി കണ്ടെത്തേണ്ടതാണ്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ചേർപ്പ് ഐ.സി.ഡി.എസ്.-ൽ അംഗൻവാടി ഹെൽപ്പർമാരുടെ 36 ഒഴിവുകളും അന്തിക്കാട് ഐ.സി.ഡി.എസ്.-ൽ വർക്കർമാരുടെ 8 ഒഴിവുകളും ഹെൽപ്പർമാരുടെ 7 ഒഴിവുകളുമാണ് നിലവിലുള്ളത്. ഈ ഒഴിവുകൾ നികത്തുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്വകാര്യ നഴ്സറി സ്ക്കൂളുകളിൽ കുട്ടികളെ അയക്കുന്ന പ്രവണതയാണ് അംഗൻവാടികളിൽ കുട്ടികൾ കുറയുവാനുള്ള പ്രധാനകാര്യം. ഇതിന് പരിഹാരമായി അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും, കൂടാതെ കുട്ടികൾക്ക് കുടിവെള്ളം, കളിക്കോപ്പ് തുടങ്ങിയവ ലഭ്യമാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പ്രോജക്ടുകൾ

20 [1321] ശ്രീ. എ. എ അസീസ്: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെല്ലാംകൂടി ആകെ എത്ര അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ എല്ലാംകൂടി 2004 ജൂൺമാസം 24415 വർക്കർമാരും 24415 ഹെൽപ്പർമാരും ജോലി നോക്കിവരുന്നു.

കൈത്തറി സഹകരണസംഘങ്ങൾ

21 [1322] ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട എത്ര പേർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കൈത്തറി സഹകരണസംഘങ്ങളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യാജ്യ സഹകരണസംഘങ്ങൾ കൃത്രിമ രേഖകൾ ഉപയോഗിച്ച് കൈത്തറി റിബേറ്റ് തട്ടിയെടുക്കുന്നതായുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കൈത്തറി റിബേറ്റ് ഇനത്തിൽ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശം 1,75,000 കൈത്തറി തൊഴിലാളികൾ സംസ്ഥാനത്ത് ഉണ്ടെന്ന് കണക്കാക്കുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) നിലവിലുള്ള സഹകരണസംഘങ്ങൾ കൃത്രിമങ്ങൾ കാണിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഡി) പരാതികൾ ലഭിക്കുന്നമുറയ്ക്ക് ധനകാര്യ പരിശോധനാവിഭാഗം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നീ വിഭാഗങ്ങളുടെയും വകുപ്പ്തല അന്വേഷണവും നടത്തിവരുന്നു. അവരുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) 2001-2002-ൽ പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾക്ക് 696.51 ലക്ഷം രൂപയും ഹാൻടെക്സിന് 495.25 ലക്ഷം രൂപയും ഹാൻവീവിന് 370.09 ലക്ഷം രൂപയും റിബേറ്റ് ഇനത്തിൽ നൽകി. 2002-2003-ൽ 64.37 ലക്ഷം രൂപ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാൻടെക്സിന് 25.14 ലക്ഷം രൂപയും ഹാൻവീവിന് 56.29 ലക്ഷം രൂപയും 2003-2004-ൽ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 47.67 ലക്ഷം രൂപയും ഹാൻടെക്സിന് 73.48 ലക്ഷം രൂപയും ഹാൻവീവിന് 28.85 ലക്ഷം രൂപയും റിബേറ്റ് ഇനത്തിൽ അനുദിച്ചിട്ടുണ്ട്.

വികലാംഗ പെൻഷനുള്ള നടപടിക്രമങ്ങൾ

22 [1323] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് വികലാംഗ പെൻഷൻ ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേക്ക് നിശ്ചിത ഫാറത്തിലുള്ള അപേക്ഷയുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly